**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കരുനാഗപ്പള്ളി നഗരസഭ -കന്നേറ്റി ശ്രീ നാരായണ ട്രോഫി ജലോത്സവം - തനത് ഫണ്ടിൽ നിന്നും ധനസഹായം നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.2745/2019/ത.സ്വ.ഭ.വ** തിരുവനന്തപുരം,
തീയതി,04/12/2019

---

പരാമർശം:- 1.കരുനാഗപ്പള്ളി നഗരസഭാ കൗൺസിലിന്റെ 3/9/2019ലെ 5-ാം നമ്പർ തീരുമാനം.

2.കരുനാഗപ്പള്ളി നഗരസഭാ സെക്രട്ടറിയുടെ 04/09/2019 ലെ G2-14479/11 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2019 സെപ്റ്റംബർ 13 ന് നടക്കുന്ന കന്നേറ്റി ശ്രീ നാരായണ ട്രോഫി ജലോത്സവത്തിന്റെ അനുബന്ധ ചെലവുകൾക്കായി 50,000/-രൂപ അനുവദിക്കണമെന്ന് പരാമർശ കത്ത് പ്രകാരം കരുനാഗപ്പള്ളി നഗരസഭ സെക്രട്ടറി അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2019 സെപ്റ്റംബർ 13 ന്റെ കന്നേറ്റി ശ്രീ നാരായണ ട്രോഫി ജലോത്സവത്തിന്റെ അനുബന്ധ ചെലവുകൾക്കായി 50,000/-രൂപ (അമ്പതിനായിരം രൂപ) കരുനാഗപ്പള്ളി നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

സെക്രട്ടറി , കരുനാഗപ്പള്ളി നഗരസഭ

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

[signature]

സെക്ഷൻ ഓഫീസർ